# പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.727 02.12.2015 ൽ മറുപടിയ്ക്ക്**

## സർക്കാർ ആശുപത്രികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.യു.കുരുവിള. | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും, കുടുംബക്ഷേമവും, ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | മുഴുവൻ ആരോഗ്യ കേന്ദ്രങ്ങളിലും ഉപയോഗശൂന്യമായതും പ്രവർത്തന രഹിതവുമായ ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ : | (എ) | സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തന രഹിതമായ ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസലുകളും എസ്റ്റിമേറ്റും ജില്ലാ മെഡിക്കൽ ആഫീസർമാർ സമർപ്പിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ബി) | സർക്കാർ ആശുപത്രികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും വ്യക്തമാക്കുമോ ; | (ബി) | നിലവിൽ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ പ്രോഗ്രാം, കേരളാ അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് ഫോർ ഹോസ്പിറ്റൽസ്, നാഷണൽ സ്റ്റാന്റേർഡ് ഫോർ ക്വാളിറ്റി അഷ്വറൻസ് എന്നിവ നടപ്പാക്കി വരുന്നു. ഇതു വരെ 9 ഗവൺമെന്റ് ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. 18 ആരോഗ്യ സ്ഥാപനങ്ങൾക്ക് കേരളാ അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് ഫോർ ഹോസ്പിറ്റൽസിന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. രണ്ട് ആരോഗ്യ സ്ഥാപനങ്ങൾക്ക് നാഷണൽ സ്റ്റാന്റേർഡ് ഫോർ ക്വാളിറ്റി അഷ്വറൻസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ കൂടുതൽ ആശുപത്രികളിൽ നടപ്പാക്കുന്നത് പരിശോധിക്കുന്നതാണ്. |
| (സി) | സർക്കാർ ആശുപത്രികളിലേക്കുള്ള റോഡുകൾ റബ്ബറൈസ്ഡ് ടാറിംഗ് നടത്തി ആംബുലൻസുകൾ ഉൾപ്പെടെ സുഗമമായി എത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | സർക്കാർ ആശുപത്രി കോമ്പൗണ്ടിനകത്തുള്ള റോഡുകൾ ടാറിംഗ് നടത്തുന്നതിനായുള്ള പ്രൊപ്പോസലും, എസ്റ്റിമേറ്റും ജില്ലാ മെഡിക്കൽ ആഫീസർ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകി ടാറിംഗ് നടത്തുന്നുണ്ട്. തുടർന്നുള്ള പ്രൊപ്പോസലുകളും എസ്റ്റിമേറ്റും സമർപ്പിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ആശുപത്രികൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ക്ലീനിങ്ങ് സ്റ്റാഫിനെ കൂടുതലായി നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ; | (ഡി) | പുതിയതായി തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ ജില്ലാ മെഡിക്കൽ ആഫീസർമാർ സമർപ്പിക്കുന്ന മുറയ്ക്ക് കൂടുതൽ ക്ലീനിങ്ങ് സ്റ്റാഫിനെ നിയമിക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ